വിദ്യാഭ്യാസരംഗത്തെ
അശാസ്ത്രീയതകൾക്കെതിരെ

സി. പി. നാരായണൻ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
ഏപ്രിൽ 1988

ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഏതു ചർച്ച യിലും ഉയർന്നുവരാറുള്ള പരസ്പരവിരുദ്ധമായ രണ്ടു വാദമുഖങ്ങളുണ്ട്. 1) വിദ്യാഭ്യാസരംഗത്ത് വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇനിയും പല നേട്ടങ്ങളിലേക്കും കുതികൊള്ളുകയാണ് രാജ്യം. 2) വിദ്യാഭ്യാസരംഗമാകെ തകർന്നു കിടക്കുന്നു. അലക്ഷ്യതയുടെയും അകർമണ്യതയുടെയും അഴിമതിയുടെയും കേളീരംഗമായിരിക്കുന്നു ഇത്. ഈ പോക്ക് സമൂഹത്തെ പുരോഗതിയിലേക്കല്ല അധോഗതിയിലേക്കാണ് നയിക്കുക.

രണ്ട് വാദമുഖങ്ങൾക്കും അനുകൂലമായി നിരത്തിവെക്കാൻ ഒട്ടേറെ കാര്യങ്ങളുണ്ട്. ആദ്യത്തേതിന് അനുകൂലമായി ഇങ്ങനെ പറയാം. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നമ്മുടെ നാട്ടിൽ വിദ്യാലയങ്ങളുടെയും സർവകലാശാലകളുടെയും ഉന്നത ഗവേഷണസ്ഥാപനങ്ങളുടെയും എണ്ണം പല മടങ്ങ് വർധിച്ചിട്ടുണ്ട്. വിദ്യാർഥികളുടെയും അധ്യാപകരുടെയും ബിരുദധാരികളുടെയും എണ്ണത്തിലുമുണ്ട് ഈ വർധന. ശാസ്ത്ര–സാങ്കേതിക വിദഗ്ധരുടെ (ബിരുദധാരികളുടെ) എണ്ണത്തിൽ ഇന്ത്യക്ക് ലോകത്തിൽ മൂന്നാം സ്ഥാനമുണ്ട്. രാജ്യത്തിന്റെ പൊതുസ്ഥിതി വെച്ചു നോക്കുമ്പോൾ നമ്മുടെ ശാസ്ത്രജ്ഞരും സാങ്കേ

തിക വിദഗ്ധരും കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ അവഗണിക്കാവുന്നതല്ല. സമർഥരായ വിദ്യാർഥികളെ പ്രത്യേകം പരിശീലിപ്പിക്കുന്നതിന് ഉതകുന്ന നാനാതരം വിദ്യാലയങ്ങളുടെ വളർച്ച അഭൂതപൂർവമാണ്. പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ.

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം മെച്ചപ്പെടുത്താൻ പ്രാഥമികതലം മുതൽ സർവകലാശാലാതലംവരെ രണ്ടു പതിററാണ്ടിലേറെയായി നിരന്തര പ്രവർത്തനം നടക്കുന്നു. നമ്മുടെ സ്ക്കൂളുകളിലെ പാഠ്യക്രമം പല വികസിത രാജ്യങ്ങളുടേതുമായി കിടപിടിക്കുന്നതാണ്. വിദ്യാഭ്യാസാവശ്യങ്ങൾക്കായി ടി. വി, റേഡിയോ, കമ്പ്യൂട്ടർ മുതലായ ആധുനിക ശാസ്ത്രസങ്കേതങ്ങൾ കൂടുതൽകൂടുതൽ ഉപയോഗിച്ചുവരുന്നു. ഇങ്ങനെ നോക്കിയാൽ വിദ്യാഭ്യാസകാര്യത്തിൽ ഭരണാധികാരികളുടെ സവിശേഷശ്രദ്ധ പതിക്കുന്നതായി അനുഭവപ്പെടും. സ്ക്കൂൾ വിദ്യാഭ്യാസ നിലവാരം മൊത്തത്തിൽ ഉയർത്താനും ഗ്രാമപ്രദേശങ്ങളിലെ സമർഥരായ വിദ്യാർഥികളുടെ പ്രതിഭയെ ഇളംപ്രായത്തിൽതന്നെ കണ്ടെത്തി പ്രോൽസാഹിപ്പിക്കാനും ആണെന്ന പ്രഖ്യാപനത്തോടെ സ്ഥാപിച്ചുവരുന്ന നവോദയ വിദ്യാലയ ശൃംഖല ഈ ദിശയിലുള്ള മുന്നേററത്തിന്റെ ഏററവും ഒടുവിലത്തെ ചുവടായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഈ നേട്ടങ്ങളെല്ലാം മുഖ്യമായി സമൂഹത്തിന്റെ ഉപരിതലത്തിൽ ഒതുങ്ങിനില്ക്കുന്നു എന്നത് ഈ രംഗത്തെ ഏററവും വലിയ കോട്ടമായി രണ്ടാമത്തെ വാദഗതിക്കാർ ചൂണ്ടിക്കാട്ടുന്നു. കേരളത്തിൽ സാക്ഷരതയും വിദ്യാലയത്തിൽ പോകുന്ന 5–14 വയസ്സുകാരുടെ ശതമാനവും വളരെ ഉയർന്നതാണ്. എന്നിട്ടും കേരളത്തിൽപോലും 30 ശതമാനം നിരക്ഷരരുണ്ട്. മററു സംസ്ഥാനങ്ങൾ മൊത്തത്തിലെടുത്താൽ 65 ശതമാനംപേരും നിരക്ഷരരാണ്. 5–14 വയസ്സുകാരിൽ ഗണ്യമായ ഒരു ഭാഗം ഇന്നും സ്ക്കൂളിൽ പോകാത്തവരാണ്. നിരക്ഷരരുടെ എണ്ണമാകട്ടെ നാൾക്കുനാൾ വർധിച്ചുവരികയാണ്. ഇവരുടെ തോത് കുറച്ചുകൊണ്ടുവരുന്നതിനോ അതിന് ഉപയുക്തമായ നടപടി

കരം കൈക്കൊള്ളുന്നതിനോ സർക്കാരിനു കഴിഞ്ഞിട്ടില്ല. അതിനുവേണ്ട ശക്തിയുള്ള ഊർജിതമായ ശ്രമം ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടായിട്ടുമില്ല.

നിരക്ഷരത മാററാൻ പല ആഫ്രിക്കൻ രാജ്യങ്ങരംക്കും കഴിയാത്തതിന് ഒരു പ്രധാന കാരണം അതിന് ആവശ്യമായത്ര അഭ്യസ്തവിദ്യർ അവിടങ്ങളിൽ ഇല്ലാത്തതാണ്. ഇന്ത്യയുടെ സ്ഥിതി അതല്ല. തൊഴിലില്ലാത്തവരായി റജിസ്ററർ ചെയ്ത അഭ്യസ്തവിദ്യർ മൂന്നുകോടിയിൽ പരമാണ്. അവരിൽ പകുതിപേരെ ഒന്നോ രണ്ടോ കൊല്ലം നിയോഗിച്ചാൽ 50 കോടിയോളംവരുന്ന നിരക്ഷരരെ സാക്ഷരരാക്കാൻ കഴിയും. നാം പ്രതിരോധാവശ്യങ്ങളുടെ പേരിൽ വാങ്ങിക്കൂട്ടുന്ന വിവാദപരമായ ആയുധങ്ങരംക്കു നല്കുന്ന വില രണ്ടുകൊല്ലം നീക്കിവെച്ചാൽ ഈ പരിപാടിക്കുവേണ്ട പണം ഏതാണ്ട് തികയും. പക്ഷെ, എന്തുകൊണ്ടോ സർക്കാരിന് ഇങ്ങനെയൊരു ചിന്തയില്ല. നിരക്ഷരത നിർമാർജനം ചെയ്യുന്നതിനുവേണ്ട വിഭവങ്ങളില്ല എന്ന വിലാപമാണ് സ്ഥിരം വായ്ത്താരി. ഇല്ലാത്തത് വിഭവങ്ങളല്ല. നിരക്ഷരത നിർമാർജനം ചെയ്യണം എന്ന ബോധമാണ്, അതിനെ ആസ്പദിച്ചുള്ള ഇച്ഛാശക്തിയാണ്.

ഇന്ത്യയിലെ വിദ്യാലയങ്ങളിൽ 80 ശതമാനത്തിലേറെയും പ്രാഥമിക സൗകര്യങ്ങളോ വേണ്ടത്ര അധ്യാപകരോ ഇല്ലാത്ത വഴിയമ്പലങ്ങളാണ്. പ്രൈമറിവിദ്യാലയങ്ങരംക്കാണ് ഈ ദുര്യോഗം കൂടുതലുള്ളത്. ഭരണഘടന ഉറപ്പുനല്കുന്ന സാർവത്രികവും സൗജന്യവും നിർബന്ധിതവുമായ പ്രൈമറിവിദ്യാഭ്യാസത്തോട് ഭരണാധികാരികരംക്കുള്ള അക്ഷന്തവ്യമായ അവഗണനയാണ് ഇതിൽ പ്രകടമായി കാണാൻ കഴിയുക. ഗവൺമെൻറിൻെറ ഏററവും കൂടുതൽ ശ്രദ്ധ ചെന്നു കുമിയുന്നത് സാങ്കേതിക വിദ്യാഭ്യാസം അടക്കമുള്ള വിശേഷവൽകൃത വിദ്യാഭ്യാസത്തിലാണ്.

എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു ? എന്തുകൊണ്ട് ചില സവിശേഷമേഖലകളിൽ പുരോഗതി ഉണ്ടാകു

മ്പോൾ, അവയ്ക്കുവേണ്ട വിഭവം നീക്കിവെക്കപ്പെടു മ്പോൾ, ജനസാമാന്യത്തിന് മൊത്തത്തിൽ ലഭിക്കേണ്ട പ്രൈമറി വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ കുററകരമായ അനാസ്ഥ ഉണ്ടാകുന്നു? ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് ഒരു പുരോഗതിയും ഉണ്ടായിട്ടില്ല എന്ന അഭിപ്രായം ശാസ്ത്ര സാഹിത്യ പരിഷത്തിനില്ല. പാഠ്യക്രമത്തിൻെറ ഉള്ളടക്കത്തിൽ ചില പുരോഗതി ഉണ്ടായിട്ടുണ്ട്. അതിനെ വേണ്ട രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുന്നതിനാണ് പഠനം പാല്പായസം പോലുള്ള പരിപാടികൾ പരിഷത്ത് ആസൂത്രണം ചെയ്യുന്നത്. ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് സംയോജിത ശാസ്ത്ര വിദ്യാഭ്യാസ പദ്ധതികൾ പരിഷത്ത് ആവിഷ്ക്കരിച്ചു വരുന്നത്.

ഇത്തരത്തിൽ ഗവൺമെൻറിന് നേടാൻ കഴിഞ്ഞ പുരോഗതി അംഗീകരിക്കുമ്പോൾ തന്നെ, വിദ്യാഭ്യാസത്തിൻെറ മൗലികലക്ഷ്യം നേടുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചയും അക്കാര്യത്തിൽ ഗവൺമെൻറ് കാണിക്കുന്ന അനാസ്ഥയും പരിഷത്ത് കാണാതിരിക്കുന്നില്ല. കാണുക മാത്രമല്ല അവയോട് രൂക്ഷമായി പ്രതികരിക്കുകയും ചെയ്യുന്നു. ഗവൺമെൻറിൻെറ ഇപ്പോഴത്തെ നയംകൊണ്ട് വിദ്യാഭ്യാസത്തിൻെറ മൗലികലക്ഷ്യം കൈവരിക്കാനാവില്ല എന്നാണ് പരിഷത്ത് എത്തിച്ചേർന്നിട്ടുള്ള നിഗമനം.

വിദ്യാഭ്യാസത്തിന് പൊതുവെ രണ്ട് ലക്ഷ്യങ്ങളാണുള്ളത്. വ്യക്തിനിഷ്ഠവും സമൂഹനിഷ്ഠവും. ഓരോ വ്യക്തിക്കും വിജ്ഞാനത്തിൻെറയും സംസ്കാരത്തിൻെറയും തൊഴിൽ പരിചയത്തിൻെറയും കാര്യത്തിൽ ലഭിക്കുന്ന ഉൾക്കാഴ്ചയും പരിശീലനവുമാണ് ആദ്യത്തേത്. ഇക്കാര്യത്തിൽ സമൂഹത്തിൻെറ മൊത്തം നിലവാരം ഉയർത്തുന്നതിനെ ലാക്കാക്കിയുള്ളതാണ് രണ്ടാമത്തേത്.

വ്യക്തികൾ അടങ്ങുന്നതാണ് സമൂഹം. അതുകൊണ്ട് ആദ്യത്തെ ലക്ഷ്യം നേടിയാൽ രണ്ടാമത്തേതും നിറവേററപ്പെടുമെന്നും അതുകൊണ്ട് ഈ രണ്ടു ലക്ഷ്യങ്ങളും അനുപൂരകങ്ങളാണെന്നും വാദിക്കുന്നവരുണ്ട്. സമൂഹ

നിഷ്ഠലക്ഷ്യം നേടാൻ വ്യക്തിനിഷ്ഠലക്ഷ്യം നേടണം. എന്നാൽ അതുകൊണ്ടുമാത്രം സമൂഹനിഷ്ഠലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയില്ല എന്നതാണ് വസ്തുത.

കാരണം നമ്മുടേതുപോലുള്ള മുതലാളിത്ത സമൂഹങ്ങളിൽ വ്യക്തിനിഷ്ഠലക്ഷ്യംകൊണ്ട് പൊതുവിൽ ഉദ്ദേശിക്കപ്പെടുന്നത് സമൂഹത്തിലെ എല്ലാ വ്യക്തികളുടെയും കാര്യമല്ല. താരതമ്യേന കൂടുതൽ സാമ്പത്തികശേഷിയുള്ളവരുടെ കാര്യമാണ്. വിദ്യാഭ്യാസച്ചെലവ് സ്വയം വഹിക്കാൻ കഴിവുള്ളവരും ഭരണകൂടത്തെക്കൊണ്ട് തങ്ങളുടെ ചെലവ് വഹിപ്പിക്കാൻ കഴിയുന്നവരും അക്കൂട്ടത്തിൽപെടുന്നു. അക്കൂട്ടർക്ക് തൃപ്തികരമായ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി ഇന്ന് കണക്കാക്കപ്പെടുന്നത്.

എൻജിനീയർക്കും ഡോക്ടർക്കും മാനേജ്മെൻറ് വിദഗ്ധനും മററുമാണല്ലൊ ഇന്ന് ഉയർന്ന പ്രതിഫലമുള്ള തൊഴിൽ കിട്ടുക. അത്തരം വിദ്യാഭ്യാസത്തിനുള്ള സൗകര്യം പരമാവധി പേർക്ക് ലഭ്യമാക്കുകയാണ് വ്യക്തിനിഷ്ഠ വിദ്യാഭ്യാസവാദികളുടെ മുഖ്യ ആവശ്യം. ഈ വിശേഷവൽകൃത വിദ്യാഭ്യാസം സിദ്ധിച്ചവരിൽ പലർക്കും തൊഴിലില്ലാത്തത് ഈ വാദഗതിക്കാർക്ക് പ്രശ്നമല്ല. സമൂഹത്തിന് ഇത്തരക്കാരായ എത്ര പേരെ ആവശ്യമുണ്ട് എന്നൊന്നും അവർ അന്വേഷിക്കാറില്ല. സമൂഹത്തിന്റെ മൊത്തം ആവശ്യമല്ല, തങ്ങൾക്ക് ഓരോരുത്തർക്കും ഭൂമിയിലെ സ്വർഗത്തിൽ കടന്നു കൂടുന്നതിനുള്ള ടിക്കററ് ചിലതരം ബിരുദങ്ങളുടെ രൂപത്തിൽ സ്വായത്തമാക്കലാണ്, അവരുടെ ലക്ഷ്യം.

ഈ വ്യക്തിനിഷ്ഠ താൽപര്യങ്ങൾക്കുവേണ്ടി സമൂഹലക്ഷ്യം ബലികഴിക്കപ്പെടുന്നതാണ് ഇവിടത്തെ വിദ്യാഭ്യാസരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഏററവും വലിയ വിപത്ത്. സാർവത്രികമായ സാക്ഷരത, സാർവത്രികവും സൗജന്യവുമായ പ്രൈമറി വിദ്യാഭ്യാസം എന്നിവയാണ് വിദ്യാഭ്യാസ രംഗത്തെ സമൂഹലക്ഷ്യത്തിന്റെ അടിത്തറ. ഇവ രണ്ടും നേടിയശേഷം വേണം കൂടുതൽ

സമഗ്രമായ പൊതുവിദ്യാഭ്യാസത്തിലേക്കും സാംസ്കാരിക വളർച്ചയിലേക്കും ജനസാമാന്യത്തെ കൈപിടിച്ച് ഉയർത്താൻ. അതുവഴി മാത്രമെ ജനാധിപത്യത്തിൻെറ അടിത്തറ ഉറച്ചതും മേൽപുര സമ്പുഷ്ടവും ആക്കാൻ കഴിയൂ. സമത്വാധിഷ്ഠിത സമൂഹസൃഷ്ടിക്ക് ജനങ്ങളെ ആത്മനിഷ്ഠമായി ഒരുക്കുന്നതിൽ വലിയ പങ്ക് അവരുടെ വൈജ്ഞാനികമായ വളർച്ചക്ക് ഉണ്ട്. സാർവത്രികമായ സാക്ഷരതയും അതിന്മേൽ കെട്ടിപ്പടുക്കുന്ന വിജ്ഞാനവും ഉയർന്ന ബോധവുമാണ് ഇവയ്ക്കുള്ള പ്രധാന കരുക്കൾ.

ഇതിൽ നിന്നു വ്യത്യസ്തമായി, ഒരു പിടി തത്വജ്ഞാനികളുടെ സ്വേച്ഛാധിപത്യമാണ് ഏററവും നല്ലത് എന്ന വാദം പണ്ടും ഉണ്ടായിരുന്നു. പ്ളേറേറായെപ്പോലുള്ള തത്വജ്ഞാനികൾ ബഹുഭൂരിപക്ഷം ജനങ്ങളെ മൃഗതുല്യരായ അടിമകളാക്കി നിർത്തി ഭരണം ഒരുപിടി വിജ്ഞന്മാരിൽ ഒതുക്കി നിർത്തണം എന്ന പക്ഷക്കാരായിരുന്നു. ആ വീക്ഷണത്തെ തൂത്തെറിഞ്ഞുകൊണ്ടാണ് സമത്വത്തെയും സാർവത്രിക പുരോഗതിയെയും ലാക്കാക്കിയുള്ള ജനാധിപത്യ സങ്കൽപം ഉയർന്നുവന്നത്. എന്നിട്ടും ഇവിടെ പ്ളേറേറായുടെ 'സങ്കൽപരാജ്യ'ത്തിൻെറ ചുവടു പിടിച്ചുള്ള വ്യവസ്ഥ സ്ഥാപിക്കാനാണ് ഭരണാധികാരികൾ വെമ്പൽ കൊണ്ടു കാണുന്നത്.

ഈ വഴിക്കുള്ള പ്രവർത്തനം സമൂഹത്തിൽ എന്തു പ്രത്യാഘാതം സൃഷ്ടിച്ചു എന്നതിനുള്ള ചില ഉദാഹരണങ്ങളാണ് താഴെ പറയുന്നവ: ജനാധിപത്യ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും അനീതികൾ അവസാനിപ്പിക്കുന്നതിലും ബോധപൂർവം പങ്കെടുക്കുന്നതിനുള്ള അധഃസ്ഥിതരുടെ കഴിവില്ലായ്മ; പിന്നോക്ക വിഭാഗങ്ങളുടെയും സ്ത്രീകളുടെയും പൊതുവിലുള്ള അധഃസ്ഥിതാവസ്ഥക്കു മാററം വരാതിരിക്കൽ; ജാതി, മതം, ഭാഷ, പ്രദേശം എന്നിവയെ ചൊല്ലിയുള്ള വിഘടന ചിന്താഗതിയുടെ വളർച്ച.

സാക്ഷരതയും അതുവഴി ലഭിക്കുന്ന അറിവും ഇല്ലാത്തതുകൊണ്ട് ബഹുഭൂരിപക്ഷം ജനങ്ങൾക്കും വികസന

പ്രക്രിയയിൽ ബോധപൂർവം പങ്കാളികളാകാൻ കഴിയുന്നില്ല. അവരെ വ്യക്തിനിഷ്ഠമായ കാഴ്ചപ്പാടുള്ള കുറെ പേർ നയിക്കുകയാണ് ചെയ്യുന്നത്. അവരാകട്ടെ, സമൂഹത്തിന്റെ മൊത്തം വളർച്ചയെയല്ല, തങ്ങളുടെ സ്വന്തം വളർച്ചയെയാണ് വികസന പ്രവർത്തനത്തിൽ ലാക്കാക്കുന്നത്. ഇതു മൂലം കുറെ പേർ എന്നും സമൂഹത്തിലെ 'ഉണ്ണി'കളായി നിലനിൽക്കുന്നു. ബഹുഭൂരിപക്ഷം വരുന്ന 'കോരൻ'മാരുടെ സ്ഥിതിയിൽ മൗലികമായ മാററം സംഭവിക്കുന്നില്ല. ഈ സ്ഥിതിവിശേഷം ഉളവാക്കുന്നതിൽ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിനും അതിന്റെ നടത്തിപ്പിനുമുള്ള പങ്ക് വേണ്ടത്ര മനസ്സിലാക്കപ്പെട്ടിട്ടുള്ളതായി തോന്നുന്നില്ല.

ജനശ്രദ്ധ ഏററവും കൂടുതൽ പതിയേണ്ടത് സാക്ഷരതയും പ്രൈമറി വിദ്യാഭ്യാസവും സാർവത്രികമാക്കുന്നതിലാണ്, ഇനിയും ഇവ രണ്ടും കടന്നു ചെന്നിട്ടില്ലാത്ത ഈ വിഭാഗങ്ങളിലേക്ക് ഇവ ഇനിയും വേഗം എത്തിക്കലാണ്. ലക്ഷ്യബോധമുള്ള സാമൂഹ്യപ്രവർത്തകരുടെ കൂട്ടായ പ്രവർത്തനം കൊണ്ടല്ലാതെ ഈ ലക്ഷ്യം നേടാനാവില്ല. ഈ ലക്ഷ്യം നേടാത്ത കാലത്തോളം ജനാധിപത്യ വ്യവസ്ഥക്കു വേണ്ടത്ര വേരോട്ടമുണ്ടാവില്ല. എന്നു മാത്രമല്ല, കാർഷികോല്പാദനം ഗണ്യമായി വർധിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ സാർഥകമാക്കുന്നതിനും കഴിയുകയില്ല. നിരക്ഷരതയും പ്രൈമറി വിദ്യാഭ്യാസം സാർവത്രികമാകാത്തതും തങ്ങളെ ബാധിക്കുന്ന കാര്യങ്ങളല്ല എന്നും തങ്ങളുടെ കുട്ടികൾക്ക് നവോദയവിദ്യാലയങ്ങളിലോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പ്രവേശനം ലഭിച്ചാൽ എല്ലമായി എന്നും ധരിച്ച് അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവരാണ് അഭ്യസ്തവിദ്യരിൽ വലിയൊരു വിഭാഗം. അവർക്കു മാത്രമായി അങ്ങനെ ആഗ്രഹസാഫല്യം അടയാനാവില്ല എന്നതാണ് യാഥാർഥ്യം. അത് ചെയ്യാൻ ഇന്നത്തെ വ്യവസ്ഥയിൽ കഴിയുക പണത്തിന് ഒരു പഞ്ഞവും ഇല്ലാത്ത സമ്പന്നർക്കാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദ്യാഭ്യാസരംഗത്ത് നടന്ന മൊത്തം പ്രവർത്തനങ്ങളെ അവലോകനം ചെയ്യു

മ്പോഠം ഒരു കാര്യം ശ്രദ്ധയാകർഷിക്കുന്നു. സ്വാതന്ത്ര്യത്തിനു തൊട്ടു പിന്നാലെയുള്ള വർഷങ്ങളിൽ, സ്വാതന്ത്ര്യസമരക്കാലത്തെന്ന പോലെ, വ്യക്തിനിഷ്ഠ താല്പര്യങ്ങഠംക്കായിരുന്നില്ല മുൻഗണന. സമൂഹത്തിന്റെ മൊത്തം പുരോഗതിക്ക് ഉതകുന്ന ലക്ഷ്യങ്ങഠംക്കായിരുന്നു. മാതൃഭാഷയിലൂടെ ഏററവും ഉയർന്ന വിദ്യാഭ്യാസം വരെ ലഭിക്കാൻ പൗരൻമാർക്ക് അവസരം ലഭിക്കണം; സമൂഹജീവിതത്തിലെ പ്രധാന തുറകളുമായി ബന്ധപ്പെട്ടതായിരിക്കണം വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം; ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും കുട്ടികഠംക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിനു മൗലികമായ ഏകീഭാവം ഉണ്ടായിരിക്കണം; അതേസമയം വിവിധ ഭാഷാസംസ്കാരങ്ങളുടെ വളർച്ചക്കു തടസ്സമുണ്ടാകരുത്: പൊതു വിദ്യാഭ്യാസത്തിന് ഒററതരം വിദ്യാലയങ്ങഠം മതി; അവയിലായിരിക്കണം സമീപസ്ഥരായ എല്ലാ വിദ്യാർഥികളും ചേർന്നു പഠിക്കേണ്ടത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആദ്യം നിയമിക്കപ്പെട്ട രാധാകൃഷ്ണൻ കമ്മിഷൻ തൊട്ട് 1960 കളിൽ നിയമിക്കപ്പെട്ട കോഠാരി കമ്മിഷൻവരെയുള്ളവയുടെ മൗലിക നിർദ്ദേശങ്ങഠം ഇവയായിരുന്നു. പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം ഇവയെല്ലാം ഊന്നിപ്പറഞ്ഞിരുന്നു.

ഇവയാണ് തങ്ങളെ നയിക്കുന്ന ലക്ഷ്യം എന്ന് പറയുകയെങ്കിലും 1960 കളുടെ അന്ത്യം വരെ ഗവൺമെൻറ് ചെയ്തിരുന്നു. പക്ഷെ, അവ സാക്ഷാത്കരിക്കാനുള്ള ബോധപൂർവമായ പ്രവർത്തനം ഉണ്ടായില്ല. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് നിരവധി സാങ്കേതിക വിദ്യാലയങ്ങഠം ഉയർന്നുവന്നു. അന്നത്തെ സമൂഹാവശ്യം നിറവേററുന്നതിനാണ് അവ ഉയർന്നുവന്നത്. രാജ്യത്തിന്റെ വ്യാവസായികാടിത്തറ കെട്ടിപ്പടുക്കുന്നതിനു ധാരാളം സാങ്കേതിക വിദഗ്ധരും വിദഗ്ധ തൊഴിലാളികളും വേണ്ടിയിരുന്നു. അതോടൊപ്പം ഉന്നത വിദ്യാഭ്യാസവും വികസിക്കപ്പെട്ടു. അവ നേടിയവർക്കു ലഭിച്ച താരതമ്യേന ആകർഷകമായ തൊഴിൽ കണ്ടിട്ടോ എന്തോ 1950 കളുടെ അന്ത്യത്തോടെ സമ്പന്നരുടെയും ഒരളവോളം ഇടത്തരക്കാരുടെയും ശ്രദ്ധ ഉന്നത–സാങ്കേതിക വിദ്യാഭ്യാസത്തി

ലേക്കു തിരിഞ്ഞു. പ്രാഥമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം എന്ന അഭിപ്രായത്തിന് 1970 കളോടെ സമൂഹതലത്തിൽ ശക്തി കുറഞ്ഞുവന്നു. അതു വേണ്ടവരുടെ എണ്ണം കുറഞ്ഞതു കൊണ്ടല്ല. അവർക്ക് അതിനുവേണ്ടി സമ്മർദ്ദം ചെലുത്താനുള്ള ബോധം പോലും ഇല്ലാത്തതു കൊണ്ടാണ്. അതിനുള്ള ബോധവും കഴിവും ഉള്ളവരിൽ ഗണ്യമായ വിഭാഗം വ്യക്തിനിഷ്ഠലക്ഷ്യത്തോടെ സാങ്കേതിക വിദ്യാലയങ്ങളും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും നാടെങ്ങും വേണമെന്ന ആവശ്യം ഉയർത്തുന്നതിൽ മുഴുകി. ഇങ്ങനെയാണ് ജില്ലതോറും മെഡിക്കൽ കോളേജും സർവകലാശാലയും ഒക്കെ വേണമെന്ന ആവശ്യങ്ങൾ ഉയർന്നുവന്നത്.

സമൂഹത്തിന്റെ സമകാലികാവശ്യങ്ങൾ നിർവഹിക്കാൻ വേണ്ട സാങ്കേതിക വിദഗ്ധരേയും ജോലിക്കാരേയും സൃഷ്ടിക്കാനാവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിനകം നിലവിൽ വന്നുകഴിഞ്ഞിരുന്നു. അവരോടൊപ്പം തൊഴിൽ മേഖലയിൽ മത്സരിക്കാൻ കൂടുതൽ പേരെ പടച്ചുവിടുക മാത്രമേ ഇത്തരം കൂടുതൽ സ്ഥാപനങ്ങൾ നിർമിക്കുന്നതുകൊണ്ട് നടക്കൂ. അത് അത്തരക്കാരുടെ തൊഴിലില്ലായ്മയ്ക്ക് വഴിവെക്കുകയും ചെയ്തു. ഇത് ജനങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് പൊതുവിൽ വ്യർഥതാബോധം സൃഷ്ടിക്കുന്നതിന് ഇടയാക്കി. മറിച്ച് ഇത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ചെലവഴിക്കുന്ന പണം പുതിയ പ്രൈമറി വിദ്യാലയങ്ങൾക്കും നിലവിലുള്ളവയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി വിനിയോഗിച്ചാൽ ജനാധിപത്യവ്യവസ്ഥയിലെ ഒരു അടിസ്ഥാന സമൂഹലക്ഷ്യം കൈവരിക്കുന്നതിന് സഹായിക്കും. ഗവൺമെൻറിന്റെ പരിമിതമായ വിഭവങ്ങൾ വിനിയോഗിക്കുന്നതിന് മുൻഗണന രണ്ടാമത്തേതിനാണ്, ആദ്യത്തേതിനല്ല എന്ന സാമൂഹ്യ യാഥാർഥ്യം വേണ്ടത്ര ശക്തമായി ചൂണ്ടിക്കാട്ടപ്പെട്ടിട്ടില്ല. പ്രൈമറി വിദ്യാഭ്യാസത്തിന്റെ പോരായ്മകളും പരാധീനതകളും ദൂരീകരിക്കണമെന്ന ആവശ്യവും ശക്തിയാർജിച്ചില്ല. ഈ പോക്കിനെ യുക്

തിയുക്തമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി എതിർക്കുന്നത് സമൂഹദ്രോഹമാണെന്ന ചിന്താഗതിപോലും ഒരു വിഭാഗം ജനങ്ങൾക്കുണ്ടായി.

അങ്ങനെയാണ് കോട്ടയത്ത് മഹാത്മാഗാന്ധി സർവകലാശാല ഉയർന്നുവന്നത്. തൃശൂർ മെഡിക്കൽ കോളേജും കണ്ണൂർ എൻജിനീയറിങ്ങ് കോളേജും ആരംഭിച്ചത്. ആരംഭിച്ചു കഴിഞ്ഞാൽ അവയിൽ പ്രാഥമിക സൗകര്യങ്ങളുണ്ടോ, അതിനു വേണ്ട പണം സർക്കാരിന് കൊടുക്കാൻ കഴിയുന്നുണ്ടോ എന്ന അന്വേഷണം അവയ്ക്കു വേണ്ടി ബഹളം കൂടിയവർക്കുപോലുമില്ല. പുതിയ കോളേജുകളും സർവകലാശാലകളും വേണമെന്ന ആവശ്യം ഉന്നയിക്കുന്നതിൽ മാത്രമായി ഇക്കൂട്ടരുടെ താല്പര്യം ഒതുങ്ങിനില്ക്കുന്നു.

വിദ്യാഭ്യാസത്തിന് നീക്കിവെക്കുന്ന തുക ഏററവും കാര്യക്ഷമമായല്ല വിനിയോഗിക്കപ്പെടുന്നത്. തന്മൂലം സർക്കാർ വക വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവശ്യം വേണ്ട മിനിമം സൗകര്യങ്ങൾ പോലുമില്ല. കെട്ടിടമില്ല, പഠനോപകരണങ്ങളില്ല, വേണ്ടത്ര അദ്ധ്യാപകരില്ല. അതിനാൽ സർക്കാർ വിദ്യാലയങ്ങൾ മോശമാണെന്നാണ് പലരുടെയും വിധിയെഴുത്ത്. അതുകൊണ്ട് പുതിയ വിദ്യാലയങ്ങൾ സ്വകാര്യമേഖലയിൽ വേണം എന്നാണ് സമ്മർദ്ദം. പല രക്ഷിതാക്കളും കുട്ടികളെ സ്വകാര്യ വിദ്യാലയത്തിലേക്ക് അയക്കാനാണ് ആകാംക്ഷ കാണിക്കുന്നത്. അവയിൽ കൂടുതൽ സൗകര്യങ്ങളുണ്ട് എന്നാണ് വാദം. കുറെ വിദ്യാലയങ്ങളുടെ കാര്യത്തിൽ അത് ശരിയുമാണ്. പക്ഷെ, ഇവിടത്തെ ജനങ്ങൾ, പ്രത്യേകിച്ച് രക്ഷിതാക്കൾ പണം സംഭാവന ചെയ്ത് ഉണ്ടാക്കിക്കൊടുക്കാത്ത ഒരു സൗകര്യവും സ്വകാര്യവിദ്യാലയങ്ങളിലില്ല. അതിന് മുൻകൈയെടുത്തത് ഒരു പക്ഷെ രക്ഷിതാക്കളാവില്ല, മാനേജരായിരിക്കും. സർക്കാർ വിദ്യാലയങ്ങൾക്കു വേണ്ടി മുൻകൈയെടുക്കാൻ ആരുമില്ല. അദ്ധ്യാപക രക്ഷാകർതൃ സമിതി മുൻകൈയെടുത്ത സർക്കാർ വിദ്യാലയങ്ങളിൽ വേണ്ടത്ര സൗകര്യങ്ങളുണ്ട് എന്നത് ഒരു വസ്തുത മാത്രമാണ്. അവ

യുടെ നിലവാരം എല്ലാംകൊണ്ടും മെച്ചപ്പെട്ടതാണെന്ന് പൊതുവെ രക്ഷിതാക്കാം അംഗീകരിക്കുന്നു. തെളിവ് അവയിൽ പ്രവേശനം കിട്ടാൻ തിരക്കുണ്ട് എന്നതു തന്നെ.

വിദ്യാഭ്യാസം വിജ്ഞാനപ്പകർച്ചക്കുള്ള ഉപാധിമാത്രമല്ല. അത് ഒരു സാമൂഹ്യ മൂല്യബോധം വിദ്യാർഥികളിൽ അങ്കുരിപ്പിക്കുന്നു. ഈ ബോധം ജാതിമതാടിസ്ഥാനത്തിലുള്ള വിവേചനത്തോടെ വളർത്തേണ്ട ഒന്നല്ല. അവയ്ക്കെല്ലാം അതീതമായ സാമൂഹ്യ (രാഷ്ട്ര) ബോധത്തോടെ വളർത്തേണ്ടതാണ്. സ്വകാര്യ വിദ്യാലയങ്ങാം സർവതന്ത്രസ്വതന്ത്രങ്ങളാണ് എന്ന അടിസ്ഥാനത്തിൽ, അവ ഓരോ മതത്തിൻെറയും ജാതിയുടെയും മൂല്യബോധം വിദ്യാർഥികളിൽ കുത്തിവെക്കുന്ന സ്ഥിതി ഇന്നുണ്ട്. അത് ജനങ്ങാംക്കിടയിൽ സാമുദായിക സ്പർധ വളർത്തുകയും ചെയ്യുന്നു. സ്വകാര്യ ഏജൻസികാം വിദ്യാഭ്യാസ രംഗത്ത് ചെയ്യുന്ന സേവനത്തെ മാനിക്കുമ്പോാം തന്നെ, അവ ചെയ്യുന്ന വിദ്യാഭ്യാസ പ്രവർത്തനത്തെ വ്യക്തമായ പൊതുനിയന്ത്രണത്തിൽ കൊണ്ടുവരേണ്ടത് ദേശീയൈക്യം കാത്തുരക്ഷിക്കുന്നതിന് ഇന്ന് ആവശ്യമായിരിക്കുന്നു എന്ന് വ്യക്തമാണ്.

മൂന്നു കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഗവൺമെൻറിൻെറ പരിമിതമായ വിഭവം ഇന്ന് അത്രയൊന്നും അത്യാവശ്യമല്ലാത്ത പുതിയ ഉന്നത–സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങാംക്കായി ചെലവഴിക്കപ്പെടുന്നു. നിലവിലുള്ളവ തന്നെ നന്നായി നടത്തുന്നതിനുള്ള പണമൊട്ടു ലഭിക്കുന്നുമില്ല. അതേ സമയം പ്രൈമറി വിദ്യാലയങ്ങളുടെ അത്യാവശ്യകാര്യങ്ങാം നിറവേററപ്പെടാതെ പോവുകയും ചെയ്യുന്നു.

ഇങ്ങനെ പണം വൻതോതിൽ ദുർവിനിയോഗം ചെയ്യുന്നതിൻെറ മകുടോദാഹരണങ്ങളാണ് നവോദയ വിദ്യാലയങ്ങാം. ആ വിദ്യാലയങ്ങളോടോ അവിടെ പഠിക്കുന്നവരോടോ പഠിപ്പിക്കുന്നവരോടൊ ഉള്ള ആത്മനിഷ്ഠമായ എതിർപ്പു കൊണ്ടല്ല ഇതു പറയുന്നത്. ഇന്നത്തെ സമൂഹ ചുററുപാടിൽ, ഇന്നത്തെ വിദ്യാഭ്യാസ സംവിധാനത്തിൽ,

ഗവൺമെൻറ് നേരിടുന്ന വിഭവ ദാരിദ്ര്യത്തിൻേറതായ സാഹചര്യത്തിൽ, ജില്ലകൾ തോറും പുതിയ സർവകലാശാലകൾ സ്ഥാപിക്കുന്നതു പോലെ തന്നെയുള്ള വിഭവദുർവിനിയോഗമാണ് നവോദയ വിദ്യാലയങ്ങളുടെ കാര്യത്തിലുള്ളത്. അവ കൊണ്ട് സമൂഹത്തിൽ കൂടുതൽ അസമത്വവും അസ്വരസ്യവുമല്ലാതെ ഒന്നും സൃഷ്ടിക്കാൻ കഴികയുമില്ല. അതുകൊണ്ട് പുതുതായി നവോദയ വിദ്യാലയങ്ങൾ തുടങ്ങരുത്, തുടങ്ങിയവയ്ക്ക് നീക്കിവെച്ച പണത്തിൽ ഗണ്യമായ ഭാഗം അതത് ജില്ലകളിലെ സംസ്ഥാന സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിനിയോഗിക്കണം. ഇതുകൊണ്ടുണ്ടാകുന്ന സാമൂഹ്യ നേട്ടം വളരെ കൂടുതലായിരിക്കും. അതുപോലെ തന്നെ കേരളത്തിൽ കൂടുതൽ കേന്ദ്രീയ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതും അനാവശ്യമാണ്. ഇവിടെ വേണ്ടത്ര വിദ്യാലയങ്ങൾ ഇന്നുണ്ട്. അവയ്ക്കിടയിൽ, പ്രത്യേകിച്ച് ഒരാവശ്യവും ഇല്ലാതെ, ചില സ്ഥാപിത താല്പര്യങ്ങളെ തൃപ്തിപ്പെടുത്താനായി, അല്ലെങ്കിൽ ചില ഉൾനാട്ടുകാർക്ക് എന്തോ വലിയ സേവനം ചെയ്തെന്നു വരുത്തിത്തീർക്കാനായി കേന്ദ്രീയ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നത് സർക്കാർ പണം ദുർവ്യയം ചെയ്യലാണ്.

പറഞ്ഞുവന്നത്, നവോദയ വിദ്യാലയങ്ങൾ മുതൽ പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവകലാശാലകളും വരെ സ്ഥാപിക്കുന്നതിനു സർക്കാർ പണം ചെലവിടുന്നത് അനുചിതമാണ് എന്നതാണ്. നിലവിലുള്ള പ്രൈമറി വിദ്യാലയങ്ങളിലും ഹൈസ്കൂളുകളിലും കോളേജുകളിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാകണം മുൻഗണന.

സ്വകാര്യമേഖലയിലാണ് വിദ്യാലയങ്ങൾ നന്നായി നടത്താൻ കഴിയുക എന്ന വാദം അടിസ്ഥാനരഹിതമാണ്. ശ്രമിച്ചാൽ ഏതുവിദ്യാലയവും നന്നായി നടത്താൻകഴിയും. സർക്കാർ വിദ്യാലയങ്ങൾ നന്നായി നടത്തുന്നതിനുവേണ്ട ഇച്ഛാശക്തി ഒരു ഭാഗത്തുനിന്നും—അധ്യാപകരുടെയോ രക്ഷിതാക്കളുടെയോ സർക്കാരിൻെറയോ—ഉണ്ടാകു

ന്നില്ല. ഇതു മാററണം. രക്ഷിതാക്കളും അധ്യാപകരും ചേർന്നു മുൻകൈയെടുത്താൽ സ്ഥിതി മാറും. സർക്കാരിനെ കൊണ്ടു ചെയ്യിക്കേണ്ട കാര്യങ്ങരം ചെയ്യിക്കാനും തൻമൂലം കഴിയും. മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ടും സഹകരണ സ്ഥാപനങ്ങളെക്കൊണ്ടും ഇക്കാര്യത്തിൽ ചിലതു ചെയ്യിക്കാൻ രക്ഷിതാക്കളും അധ്യാപകരും വിചാരിച്ചാൽ കഴിയും.

സ്വകാര്യ വിദ്യാലയങ്ങരം മിക്കതും അഴിമതിയുടെ കൂടാണ്. അറിവും കഴിവും നോക്കിയാണ് അധ്യാപകനെ നിയമിക്കേണ്ടത്. പക്ഷെ, ഇന്ന് പ്രൈവററ് വിദ്യാലയങ്ങളിൽ ജോലി ലേലം ചെയ്യപ്പെടുകയാണ്. ഇത് വിദ്യാഭ്യാസമേഖലയെ തന്നെ മലീമസമാക്കുന്നു. അനാശാസ്യതകളുടെ കൂത്തരങ്ങാക്കുന്നു. ഇത് ഒഴിവാക്കുന്നതിനും ശമ്പളം നൽകുന്നത് ഗവൺമെൻറായ നിലയ്ക്കും അധ്യാപക നിയമനത്തിൽ പൊതുനിയന്ത്രണം ഉണ്ടായേ തീരൂ. നിയമനം പി. എസ്. സി. മുഖേനയാക്കുകയാണ് അതിനുള്ള ഫലപ്രദമായ മാർഗം. അത് ന്യൂനപക്ഷാവകാശത്തിൽ കൈകടത്തലാകുമെന്ന വാദത്തിൽ കഴമ്പില്ല. കാരണം, പൊതുവിദ്യാഭ്യാസത്തിൻെറ പൊതുമാനദണ്ഡങ്ങരം ന്യൂനപക്ഷത്തിനും ഭൂരിപക്ഷത്തിനും വ്യത്യസ്തമാക്കിക്കൂട. നിയന്ത്രണം ചെലുത്താതിരുന്നാൽ സാമൂഹ്യനീതിയുടെ എല്ലാ സീമകളെയും മാനേജർമാർ അതിക്രമിക്കും എന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുമുണ്ട്.

ഭരണഘടന 1950 ജനുവരി 26 ന് അംഗീകരിക്കപ്പെട്ടപ്പോരം വിദ്യാഭ്യാസം തീർത്തും ഒരു സംസ്ഥാനവിഷയമായിരുന്നു. അതിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങരം സാക്ഷാൽകരിക്കാൻ സംസ്ഥാനങ്ങളെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, ചില ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങരം, ഏതെങ്കിലും സംസ്ഥാനത്തിനുവേണ്ടിയല്ലാതെ, രാഷ്ട്രത്തിൻെറ പൊതുതാൽപര്യം ലാക്കാക്കി നടത്തുക— ഇതൊക്കെയായിരുന്നു ആദ്യം കേന്ദ്രഗവൺമെൻറിൻെറ ചുമതലയായി കണക്കാക്കിയിരുന്നത്. എൻ.

സി. ഇ. ആർ.ടി, യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ (യു. ജി. സി), സി. എസ്.ഐ. ആർ. മുതലായവ ആരംഭിച്ചത് അങ്ങനെയായിരുന്നു.

എന്നാൽ, കേന്ദ്രഗവൺമെൻറ് ഭരണഘടനയുടെ ചട്ടക്കൂടിനകത്ത് ഒതുങ്ങിനിന്നില്ല. സർവകലാശാലകളുടെ വികസനത്തിനാവശ്യമായ ഗ്രാൻറ് നൽകുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച യു. ജി. സി. പിന്നീട് അവ സംസ്ഥാന ഗവൺമെൻറ് നൽകിയ ജനാധിപത്യ സ്വഭാവം നിഷേധിക്കുന്ന 'സൂപ്പർ ബോഡി'യാക്കി മാററപ്പെട്ടു. അടിയന്തരാവസ്ഥയുടെ അന്ധകാരത്തിൽ സംസ്ഥാന വിഷയമായിരുന്ന വിദ്യാഭ്യാസം സംയുക്ത മേഖലയിലാക്കപ്പെട്ടു. വിദ്യാഭ്യാസത്തിൻെറ ഏതു മേഖലയിലും കേന്ദ്രത്തിന് ഇഷ്ടമുള്ളത് ചെയ്യാമെന്ന നില വന്നു. മാത്രമല്ല, അതേവരെ വിദ്യാഭ്യാസത്തിന് എന്തു തുക ചെലവഴിക്കണമെന്ന് സംസ്ഥാന ഗവൺമെൻറ് നിശ്ചയിച്ചിരുന്നതിനുപകരം അതിൻെറ ഒരു വലിയ പങ്കിനെക്കുറിച്ച് കേന്ദ്രം തീരുമാനമെടുക്കാൻ തുടങ്ങി. ഓരോ ഭാഷയുടെയും സംസ്കാരത്തിൻെറയും വികസനത്തിന് വിദ്യാഭ്യാസ മാധ്യമത്തെ ഉപയോഗിക്കണം എന്ന ഭരണഘടനയിലെ അടിസ്ഥാന ധാരണ അങ്ങനെ അട്ടിമറിക്കപ്പെട്ടു.

ഭരണഘടന ഉറപ്പുനല്കുന്ന സാക്ഷരതയും സാർവത്രിക പ്രൈമറി വിദ്യാഭ്യാസവും വേഗത്തിൽ നടപ്പാക്കാൻ കയ്യാളിയ അധികാരം കേന്ദ്രം ഉപയോഗിക്കുന്നുണ്ടോ ? ഇല്ല, അവർക്ക് ശ്രദ്ധ നവോദയ സ്ക്കൂരംപോലുള്ള വിശേഷവൽകൃത വിദ്യാലയങ്ങരം ആരംഭിക്കാനാണ്. സംസ്ഥാനങ്ങരംക്കുമാത്രം വിദ്യാഭ്യാസ മേഖലയിൽ അധികാരം ഉണ്ടായിരുന്ന കാലത്തേതിലും സങ്കീർണമായിട്ടുണ്ട് ഇപ്പോരം സ്ഥിതി. വിദ്യാഭ്യാസത്തിൻെറ ഉമ്മറത്ത് രണ്ടു കച്ചവടം തുടങ്ങിയതുകൊണ്ടുള്ള കുഴപ്പമാണ് ആകെ ഉണ്ടായിട്ടുള്ള നേട്ടം.

വിദ്യാഭ്യാസ രംഗത്ത് അടിയന്തിരമായി വേണ്ടത്:

1 വ്യക്തികരംക്ക് ഏററവും ഉയർന്ന വിദ്യാഭ്യാസം

കിട്ടാനുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനു മുൻഗണന നല്കുന്നതിനു പകരം സമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിനും ഉയർന്ന സാക്ഷരതക്കും സാർവത്രിക പ്രൈമറി വിദ്യാഭ്യാസത്തിനും മുൻഗണന നൽകണം. അവ നിശ്ചിതകാല പരിധിക്കുള്ളിൽ സാക്ഷാത്കരിക്കാൻ വ്യക്തമായ പരിപാടി വേണം, വിഭവം നൽകണം.

2) ഈ രംഗത്തെ സ്വകാര്യവൽക്കരണ പ്രവണത തടയണം. സ്വകാര്യമേഖലയിലെ അഴിമതി, പ്രത്യേകിച്ച് അധ്യാപക നിയമനത്തിൽ, തടയാൻ നിയമനാധികാരം പി.എസ്.സി.ക്കു നൽകണം.

3) കേന്ദ്രഗവൺമെൻറ് മൊത്തം വിദ്യാഭ്യാസരംഗത്ത് ഇടപെടുന്നത് അശാസ്ത്രീയമാണ്. വിദ്യാഭ്യാസം സംസ്ഥാന പട്ടികയിലാക്കണം. നവോദയ വിദ്യാലയങ്ങൾ ആരംഭിക്കരുത്. അവയ്ക്കായി വാരിക്കോരി പണം ചെലവിടരുത്.

o